**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1050** **29-08-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയിലെ ഭീഷണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തെ തീരദേശ മേഖല വലിയ തോതിൽ ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വലിയതുറ, കൊച്ചുതോപ്പ്, ശംഖുമുഖം, കണ്ണാന്തുറ, വെട്ടുകാട് പ്രദേശങ്ങളിൽ കടലാക്രമണം വർദ്ധിച്ചത് വിഴിഞ്ഞം പദ്ധതി മൂലമാണോ എന്നത് ശാസ്ത്രീയമായ പഠനങ്ങൾക്കു ശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളു. |
| (ബി) | ശംഖുമുഖം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ രൂക്ഷമായ കടലാക്രമണം തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | അടിയന്തര തീരസംരക്ഷണം ആവശ്യമായിട്ടുള്ള ഹോട്ട് സ്പോട്ട് പട്ടികയിൽ ശംഖുമുഖം ഉൾപെട്ടിട്ടുള്ളതാണ്. ഇവിടെ പരിസ്ഥിതിക്ക് അനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനു വേണ്ടി വിശദമായ പഠനം നടത്തുവാൻ ചെന്നൈ കേന്ദ്രമായുള്ള National Center for Coastal Research (NCCR) എന്ന വിദഗ്ധ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. NCCR പഠനം നടത്തി ശംഖുമുഖത്തു ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഡിസൈൻ അന്തിമഘട്ടത്തിലാണ് . |

സെക്ഷൻ ഓഫീസർ